3. റിവോൾവിംഗ് ഫണ്ട് സഹായം വിനിയോഗിച്ച് അംഗങ്ങളുടെ ഉപഭോഗത്തിനും വരുമാനദായക പ്രവർത്തനങ്ങൾക്കുമുള്ള വായ്പകൾ നൽകുക.

4. സർക്കാർ നൽകുന്ന സബ്സിഡിയും ബാങ്ക് വായ്പയും വിനിയോഗിച്ച് ചെറുകിട തൊഴിൽ സംരംഭങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിലും അംഗങ്ങൾ വെവ്വേറെയായും ആരംഭിക്കുക.

(ബി) 49315 ഗ്രൂപ്പുകൾ നിലവിലുണ്ട്. ആകെ അംഗങ്ങൾ 5,11,318 ആണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉണ്ട്. സ്വർണ്ണജയന്തി ഗ്രാമസ്വരാസ്ഗാർ യോജന പദ്ധതിയിൽ പെടുത്തി നാളിതുവരെ 5,505 ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് വായ്പയും സബ്സിഡിയും ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) പുരുഷൻമാരുടെ സ്വയം സഹായ സംഘങ്ങളും നിലവിലുണ്ട്.

സംസ്ഥാനത്തെ പട്ടുവസ്ത്രങ്ങളുടെ ഉപഭോഗവും ഉല്പാദനവും

129 (T3338) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടുവസ്ത്രങ്ങളുടെ ഉപഭോഗം, ഉല്പാദനം എന്നിവയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ :

(ബി) എങ്കിൽ പ്രതിവർഷം എത്ര കോടി രൂപയുടെ പട്ടുവസ്ത്രങ്ങളാണ് അയൽ സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് വിറ്റഴിക്കുന്നത് :

(സി) സംസ്ഥാനത്തെ പട്ടുവസ്ത്രവില്പനയും സെറിഫെഡിന്റെ പ്രവർത്തനവും വിലയിരുത്തുമോ :

(ഡി) കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന പട്ടുവസ്ത്രങ്ങളുടെ വളരെ ചെറിയ ഒരുഭാഗം മാത്രമേ സെറിഫെഡിന് ഉല്പാദിപ്പിക്കുവാൻ കഴിയുന്നുള്ളു എന്ന കാര്യം വിലയിരുത്തുമോ :

(ഇ) അയൽസംസ്ഥാനങ്ങളേക്കാൾ കുറഞ്ഞ ചെലവിൽ പട്ട് സംസ്ഥാനത്ത് ഉല്പാദിപ്പിക്കാമെന്നിരിക്കെ ഈ മംഗത്ത് ഒരു മുന്നേറ്റമുണ്ടാക്കാൻ സംസ്ഥാനത്തിന് കഴിയാത്ത സാഹചര്യങ്ങൾ വിലയിരുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിവർഷം ഉദ്ദേശം 1.48 കോടി രൂപയുടെ ഖാദിപട്ട് ഖാദിബോർഡ് അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങി വിറ്റഴിക്കുന്നു. സംസ്ഥാനത്തെ പട്ടുവസ്ത്രങ്ങളുടെ ഉപഭോഗം ഉല്പാദനം എന്നിവയെ സംബന്ധിച്ച് നടത്തിയിട്ടുള്ള പ്രാഥമിക വിലയിരുത്തൽ പ്രകാരം പ്രതിവർഷം ഏകദേശം 500 കോടി രൂപയുടെ പട്ടുവസ്ത്രങ്ങളാണ് അയൽ സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് വിറ്റഴിക്കുന്നത്.

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ പട്ടുവസ്ത്രവില്പനസാധ്യതയും സെറിഫെഡിന്റെ പ്രവർത്തനവും ഏകദേശമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ട് വസ്ത്രനിർമ്മാണത്തിനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സെറിഫെഡ് ഉല്പാദിപ്പിച്ച പട്ട് വസ്ത്രങ്ങളുടെ വിപണന സാധ്യതയും ഉപഭോക്താക്കളുടെ താല്പര്യവും കണക്കിലെടുത്ത് ബാലരാമപുരം കേന്ദ്രമാക്കി ഒരു സിൽക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 110 കൈത്തറികളിൽ പട്ട് വസ്ത്രം ഉല്പാദിപ്പിക്കുന്നതിന് ഒരു പ്രോജക്ടിന് 2003-04, 2004-2005-വർഷങ്ങളിൽ തുടക്കം കുറിച്ചു.

(ഡി) കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന പട്ടുവസ്ത്രങ്ങളുടെ വളരെ നേരിയൊരു ഭാഗം മാത്രമേ സെറിഫെഡ് ഉല്പാദിപ്പിക്കുന്നുള്ളൂ.

(ഇ) പട്ടുവസ്ത്രനിർമ്മാണത്തിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

അന്തിക്കാട്, ചേർപ്പ് ബ്ലോക്കുകളിലെ നബാർഡ് പദ്ധതികൾ

130 (3339) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തിക്കാട്, ചേർപ്പ് ബ്ലോക്കുകളിൽ നബാർഡ് സഹായത്തോടെ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള പുള്ള് മനക്കൊടി റോഡിന്റെ നിർമ്മാണം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ചേർപ്പ് ബ്ലോക്കിൽ നിന്നുള്ള ശാസ്താംകടവ് മനക്കൊടി റോഡിന്റെ നിർമ്മാണത്തിൽ നബാർഡിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ; ഈ റോഡിന്റെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ഡി) ഈ റോഡിന്റെ നിർമ്മാണം മുടങ്ങാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) റോഡിന്റെ നിർമ്മാണത്തിൽ എൽ.ബി.എസ്. എന്തെങ്കിലും അപാകതകൾ പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ റോഡിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അന്തിക്കാട്, ചേർപ്പ് ബ്ലോക്കുകളിൽ നബാർഡ് സഹായത്തോടെ ഗ്രാമവികസന കമ്മീഷണർ മുഖാന്തരം ഇപ്പോൾ റോഡ് പണികളൊന്നും തന്നെ നടപ്പാക്കുന്നില്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly